# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **13.11.2021** മുതൽ **17.11.2021** വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി.91/2021 | തീയ്യതി: 12/11/2021 |
|---|---|

### എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 30.0 – 30.5 | 23.0 – 24.5 | 73 – 96 | 00 – 05 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 13-11-2021 | 14-11-2021 | 15-11-2021 | 16-11-2021 | 17-11-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 40 | 40 | 40 | 40 | 20 |
| കൂടിയ താപനില, °C | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 93 | 93 | 93 | 93 | 93 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 72 | 72 | 72 | 72 | 72 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 10 | 6 | 6 | 4 | 8 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 320 | 250 | 230 | 200 | 230 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | **ഒറ്റപ്പെട്ട കനത്ത മഴ മഴ ലഭിക്കും** | | |
| | ഒറ്റപ്പെട്ട കനത്ത മഴ (70 മുതൽ 110 മി .മീ വരെ) ഉണ്ടായേക്കും.<br>പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലിയും അനുഭവപ്പെടും. ഉയർന്ന അന്തരീക്ഷ ആർദ്രതയും അനുഭവപ്പെടും<br>**വിസ്തൃത മഴ പ്രവചനം: അടുത്തയാഴ്ചയിൽ ശരാശരിമഴയുണ്ടാകും.** | | |

| | | |
|---|---|---|
| പൊതു നിർദ്ദേശങ്ങൾ | കൃഷിയിടങ്ങളിൽ പരമാവധി നീർവാർച്ച ഉറപ്പു വരുത്തുക.<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br>വാഴ പച്ചക്കറികൾ എന്നിവ താങ്ങുകൾ നല്കി സംരക്ഷിക്കുക.<br>കന്നുകാലികളെ തുറന്ന സ്ഥലത്ത് കെട്ടിയിടുകയോ മേയാൻ അനുവദിക്കുകയോ ചെയ്യരുത്. അവയെ ശക്തി കുറഞ്ഞ മേൽ കൂരകൾക്കടിയിൽ പാർപ്പിക്കരുത്<br>കുഷിയിടങ്ങളിൽ ജോലി ചെയ്യുന്നവർ ഇടിമിന്നലിനെ ശ്രദ്ധിക്കുക. മരത്തണലിലോ ബലക്ഷയം വന്ന കെട്ടിടങ്ങളിലോ വിശ്രമിക്കരുത്<br>**മഴ ശമിക്കുമ്പോൾ വിളകളുടെ ചുവട്ടിലെ മണ്ണ് ലഘുവായി കിളക്കുന്നത് വേരിനു വായു ലഭിക്കുന്നതിന് സഹായകരമാകും** | |
| തെങ്ങ്/ കവുങ്ങ് /ഫല വൃക്ഷങ്ങൾ | തൈകൾ | **കുഴികൾക്കു ചുറ്റും വരമ്പ് തീർത്തു മഴവെള്ളം ഒലിച്ചിറങ്ങാതെ സംരക്ഷിക്കുക.** തടങ്ങളിൽ കെട്ടി നിൽക്കുന്ന വെള്ളം ഇടയ്ക്കിടെ മാറ്റി മണ്ണ് ഇളക്കി വായു സഞ്ചാരം ഉറപ്പാക്കുക. |
| പച്ചക്കറികൾ | നടീൽ/വിതക്കുന്ന സമയം | **ഉയർത്തിയ പ്രതലങ്ങളിലോ വരമ്പുകളിലോ കൂനകളിലോ നടുക . വരികളുടെ ഇടയിൽ വെള്ളം വാർന്നു പോകാനുള്ള ചാലുകൾ ഉണ്ടായിരിക്കണം. തക്കാളി പോലുള്ള വിളകൾ,. പാവൽ, പടവലം പോലുള്ള വിളകളുടെ പന്തലുകൾ എന്നിവയ്ക്ക് ബലമുള്ള താങ്ങുകൾ നൽകുക.** |
| നെല്ല് (രണ്ടാംവിള) | അടിക്കണ പൂർത്തിയാകുന്ന സമയം | **വളം നൽകുന്നത് മഴ ശമിക്കും വരെ മാറ്റിവെക്കുക. കണ്ടത്തിലേക്ക് വെള്ളം പ്രവേശിക്കുന്നിടത്ത് ചാലിൽ ബ്ലീച്ചിങ് പൗഡർ കിഴി കെട്ടി നിക്ഷേപിക്കുക. ഇത് തണ്ടു ചീയുന്നതിനെ പ്രതിരോധിക്കും** |
| കാച്ചിൽ മുതലായവ | വിവിധ ഘട്ടം | **മഴവരുന്നതിനു മുന്നേ സാധ്യമായവ വിളവെടുക്കുക. കനത്ത മഴയും കാറ്റും ഉള്ളപ്പോൾ കൃഷിയിടങ്ങളിൽ നിൽക്കുന്നത് ഒഴിവാക്കുക. നല്ല നീർ വാർച്ച നൽകുക. കനത്ത മഴയും കാറ്റും ഉള്ളപ്പോൾ കൃഷിയിടങ്ങളിൽ നിൽക്കുന്നത് ഒഴിവാക്കുക** |
| കുരുമുളക് | വിവിധ ഘട്ടം | **ഇടയ്ക്കിടെ ഇലകളും തണ്ടും പരിശോധിക്കുക, ചീച്ചലോ വാട്ടമോ കാണുകയാണെങ്കിൽ റിഡോമിൽ രണ്ടുഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തയ്യാറാക്കിയ ലായനി മഴയില്ലാത്തപ്പോൾ തടത്തിൽ കുതിർക്കുകയും തണ്ടുകളിലും ഇലകളിലും തളിക്കുകയും ചെയ്യുക.** |
| തെങ്ങ് | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്<br><br>രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക. 1 % വീര്യമുള്ള ബോർഡോ മിശ്രിതം (40 ലിറ്റർ വീതം) 2 മീറ്റർ ചുറ്റളവിൽ തെങ്ങിൻ തടത്തിൽ ഒഴിച്ച് കൊടുക്കുക.അല്ലെങ്കിൽ ഹെക്സകൊണാസോൾ/ കോൺടാഫ് 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി മണ്ണിൽ ഒഴിച്ച് കൊടുക്കുക.<br>ഒരു മാസത്തിനു ശേഷം 5 കി ഗ്രാം ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക് 500 ഗ്രാം വീതം സൂക്ഷ്മ മൂലക മിശ്രിതം, എന്നിവ തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക.<br>രോഗം സ്ഥിരമായി കാണുന്ന ഇടങ്ങളിൽ കുമിൾ നാശിനി തടത്തിൽ കുതിർക്കുന്നത് 4 മാസ ഇടവേളകളിൽ ആവർത്തിക്കുക. |

| | | | |
|---|---|---|---|
| കശുമാവ് | തളിരിടുന്ന സമയം | തേയില കൊതുക്  | മുൻകരുതലായി ബുവേറിയ ബേസിയാന കുമിൾ 20g/l എന്നതോതിൽ തളിക്കുക.<br>അല്ലെങ്കിൽ<br>ക്വിനാൽഫോസ് (2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ) തളിക്കുക. |
| കശുമാവ് | പുതു നാമ്പ് വരുന്ന ഘട്ടം | തടിതുരപ്പൻ  | 5 വർഷത്തിന് മുകളിൽ പ്രായമായ മരങ്ങളിൽ മുൻകരുതലായി ടാർ - മണ്ണെണ്ണ മിശ്രിതം (1:2അനുപാതത്തിൽ) ചെളിയുമായി ചേർത്ത് മണ്ണിനു മുകളിൽ കാണുന്ന വേരുകളിലും തടിയുടെ അടി ഭാഗത്തു മണ്ണിൽ നിന്ന് ഒന്നര മീറ്റർ ഉയരം വരെയും പുറമെ പുരട്ടുക |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി